## പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3152 | | 21.08.2017-ൽ മറുപടിയ്ക്ക് | |
|---|---|---|---|
| **തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി മാലിന്യ സംസ്കരണം** | | | |
| **ചോദ്യം** | | **മറുപടി** | |
| **ശ്രീ.പി.സി. ജോർജ്** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഴി വീട്ടുകളിലെയും മറ്റും മാലിന്യ സംസ്കരണം നടപ്പിലാക്കുന്ന പദ്ധതി ഏതു ഘട്ടം വരെയായി എന്ന് വിവരിക്കാമോ; | (എ) | നടപ്പിലാക്കി വരുന്നു. |
| (ബി) | അടിയന്തരമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ വീട്ടുകൾക്കാവശ്യമായ കിച്ചൻ ബിന്നുകൾ നൽകി മാലിന്യം ശേഖരിച്ച് സംസ്കരിക്കാൻ നടപടികൾ സ്വീകരിക്കാമോ; | (ബി) | കിച്ചൺ ബിന്നുകൾ ഉൾപ്പെടെയുള്ള ഉറവിട മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഒരുക്കുന്നതിനുള്ള നടപടികൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചു വരുന്നുണ്ട്. |
| (സി) | ഇതിലേയ്ക്കായി എന്തെങ്കിലും യൂസർഫീസ് ഈടാക്കാൻ നടപടിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ; | (സി) | ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ടുള്ള 15.07.2017-ലെ സ.ഉ.(സാധാ)നം.2420/17/തസ്വഭവ. ഉത്തരവിൽ യൂസർ ഫീ ഈടാക്കാൻ വ്യവസ്ഥയുണ്ട്. യൂസർ ഫീ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>1. സ്വന്തമായി ജൈവമാലിന്യ സംസ്കരണം നടത്തുന്ന വീട്ടുകൾ (കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വളക്കുഴി മുഖേന) ഹരിതകർമ്മ സേനാംഗം മാസത്തിൽ രണ്ടുതവണ പരിശോധന നടത്തുന്നതിനും അജൈവമാലിന്യം ശേഖരിക്കുന്നതിനുമായി 60 രൂപ പ്രതിമാസം നൽകേണ്ടതാണ്.<br>2. കിച്ചൺ ബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്കരണം നടത്തുന്ന വീട്ടുകൾക്ക് ആവശ്യമായ ഇനോക്കുലം (1 മാസത്തേയ്ക്ക് 30 ലിറ്റർ) നൽകുകയും ആഴ്ചയിലൊരു സന്ദർശനം നടത്തുകയും അജൈവമാലിന്യം ശേഖരിക്കുകയും സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ ജൈവവളം തിരികെ ശേഖരിക്കുകയും ചെയ്യുന്നതിന് ഹരിതകർമ്മ സേനയ്ക്ക് പ്രതിമാസം 250/- രൂപ (ഇനാക്കുലത്തിന്റെ വിലയുൾപ്പെടെ) നൽകേണ്ടതാണ്.<br>3. എല്ലാ ദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീട്ടുകൾ പ്രതിമാസം 800/- രൂപ |

| | | | |
|---|---|---|---|
| | | | (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഹരിതകർമ്മ സേനയ്ക്ക് നൽകേണ്ടതാണ്.<br>4. കിച്ചൺ ബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറി കൃഷി ചെയ്യുമെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ) നൽകുന്നതിന് പുറമേ ഹരിതസേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും ജൈവ പച്ചക്കറി കൃഷി പരിപാലിക്കുകയും ചെയ്യുന്നതിന് പ്രതിമാസം 300/- രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ) ഫീസായി നൽകേണ്ടതാണ്.<br>5. സ്ഥാപനങ്ങൾ സ്വന്തമായി ഏർപ്പെടുത്തുന്ന സംവിധാനം ചുരുങ്ങിയത് ആഴ്ചയിലൊരിക്കൽ ഹരിതകർമ്മ സേനാംഗം പരിപാലിക്കുന്നതിനും, ദൈനംദിന ജൈവമാലിന്യങ്ങൾ ശേഖരിക്കുന്നതിനും, അജൈവമാലിന്യം നിർദ്ദിഷ്ട കാലയളവിൽ ശേഖരിക്കുന്നതിനും അനുയോജ്യമായ യൂസർഫീയും കാലാവധിയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്.<br>യൂസർഫീ ഓരോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും തീരുമാനിക്കാവുന്ന പരമാവധി ഫീസാണെന്നും, യൂസർഫീയിൽ ഇളവ് നൽകുന്നതിനോ, ബി.പി.എൽ., തുടങ്ങിയ വിഭാഗങ്ങളെ ഒഴിവാക്കുന്നതിനോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് തീരുമാനിക്കാവുന്നതാണ്. |
| (ഡി) | ചില അനധികൃത ഏജൻസികൾ പലയിടങ്ങളിൽ നിന്നും മാലിന്യം ശേഖരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വിശദമാക്കുമോ? | (ഡി) | ഇല്ല. |

സെക്ഷൻ ഓഫീസർ